പിണ്ടിമന ഗ്രാമപഞ്ചായത്തിൽ മാവേലിസ്റ്റോർ

120 (134) ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ അനുവദിച്ച മാവേലിസ്റ്റോർ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ മാവേലിസ്റ്റോർ പ്രവർത്തനം തുടങ്ങാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പിണ്ടിമന ഗ്രാമപഞ്ചായത്തിൽ മാവേലിസ്റ്റോർ അനുവദിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ജീവനക്കാരുടെ അപര്യാപ്തതമൂലമണ് മാവേലിസ്റ്റോർ അനുവദിക്കാൻ കാലതാമസം നേരിടുന്നത്.

(സി) നിലവിലുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജീവനക്കാരെ നിയമിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. ജീവനക്കാരെ കിട്ടുന്ന മുറയ്ക്ക് മാവേലിസ്റ്റോർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വടകര മണ്ഡലത്തിൽ പുതിയ മാവേലിസ്റ്റോർ

121 (135) ശ്രീ. എം. കെ. പ്രേംനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വടകര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ മാവേലിസ്റ്റോറുകൾ അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഈ മണ്ഡലത്തിൽ പുതിയ മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വടകര മണ്ഡലത്തിലെ ഒഞ്ചിയം പഞ്ചായത്തിലെ കണ്ണൂക്കരയിലാണ് പുതിയ മാവേലിസ്റ്റോർ അനുവദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly